(ബി) ലൈറവ് ഇടുന്നതിനാവശ്യമായ സാധനസാമഗ്രികളുടെ ദൗർലഭ്യവും റയിൽവേ അധികാരികളിൽനിന്നും ടെലിഫോൺ അധികാരികളിൽനിന്നും ലൈൻ ക്രാസിങ്ങിനു് അനുവാദം ലഭിക്കുന്നതിനുണ്ടായിട്ടുള്ള താമസവും, വസ്തുക്കളുടെ മുകളിൽ കൂടി ലൈൻ നീട്ടുന്നതിൽ വസ്തു ഉടമസ്ഥന്മാരിൽനിന്നും ഉണ്ടായിട്ടുള്ള തടസ്സങ്ങളും ആണ് പ്രധാന കാരണങ്ങൾ.

(സി) കുന്നുകാൽ—എസ്റ്റിമേറവ് അനുവദിച്ചിട്ടുണ്ടു്. സാമഗ്രികൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

2. പെരുങ്കടവിള, കാഞ്ഞിരംകുളം, പൂവ്വാർ—തുണകൾ നാട്ടിക്കഴിഞ്ഞു. ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) അടുത്ത സാമ്പത്തികവർഷത്തിൽ.

ശ്രീ. സി. എ. മാത്യു : കഴിഞ്ഞ ബഡ്ജറവവർഷത്തിൽ കൊള്ളിച്ചിരുന്ന ജോലികളിൽ ഏതെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : എല്ലാ ജോലികളും ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : ഈ ജോലികൾ ഉദ്ദേശിച്ചപോലെ പുരോഗമിക്കാത്തതു് ട്രാൻസ്ഫർമേഴ്സ് വേണ്ടിടത്തോളം ഇല്ലാത്തതുകൊണ്ടാണെന്നു പറയുന്നതു ശരിയാണോ?

ശ്രീ. കെ. ഐ. വേലായുധൻ : ശരിയല്ല. കുറെ ട്രാൻസ്ഫാർമേഴ്സ് ഇപ്പോൾ ഉണ്ടു്; അടുത്തതന്നെ കുറെ എണ്ണംകൂടി വരുന്നുണ്ടു്.

പ്രൈവറവ്സ്കൂൾ അദ്ധ്യാപകന്മാർ.

* 62. [11] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറവസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്കും, അവർക്കുള്ള ഗവണ്മെൻറ ഗ്രാൻറും വർദ്ധിപ്പിച്ചതിനെ തുടർന്നു അവരുടെ നിയമന വ്യവസ്ഥകളിലും, സേവനവ്യവസ്ഥകളിലും എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) പ്രൈവറവസ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനവ്യവസ്ഥകളും സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടേതിനു തുല്യമാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശമ്പളപരിഷ്കരണത്തോടുകൂടി നിയമനം, സേവനം എന്നിവകളിലെ വ്യവസ്ഥകൾക്കു് മാറ്റം വരുത്തിയിട്ടില്ല. ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാർക്കുള്ള അവധി വ്യവസ്ഥകൾ ഇവർക്കും ബാധകമാക്കിയിട്ടുണ്ടു്.

(ബി—യും സി—യും) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly